നം. ഇഎ1/13185/16

വ്യവസായവാണിജ്യ വകുപ്പ്
തിരുവനന്തപുരം, തീയതി:19.07.2016.

## സർക്കുലർ നം:100/2016

വിഷയം: വ്യവസായം - എസ്റ്റാബ്ലിഷ്മെന്റ് - വ്യവസായ വാണിജ്യ ഡയറക്ടറുടെ നിർദ്ദേശങ്ങളും ഉത്തരവുകളും സർക്കുലറുകളും സമയബന്ധിതമായി നടപ്പിലാക്കപ്പെടാത്തതു സംബന്ധിച്ച്

സൂചന:
1. 23.06.2016 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഇഇ1/11098/16 നമ്പർ കത്ത്.
2. 07.07.2016 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഇഇ2/22741/15 നമ്പർ സർക്കുലർ.
3. 1.13.07.2016 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഇഎ1/7884/16 നമ്പർ കത്ത്.
4. 08.07.2016 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഇഎ1/3964/14 നമ്പർ കത്ത്.

വ്യവസായ വാണിജ്യ ഡയറക്ടർ പുറപ്പെടുവിക്കുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കാലാനുസൃതം സമയബന്ധിതമായി നടപ്പിലാക്കുവാൻ ഓഫീസ് നിയന്ത്രണാധികാരികൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വകുപ്പിന്റെ എല്ലാ ഓഫീസുകളിലുംപെട്ട മുഴുവൻ ഉദ്യോഗസ്ഥരുടേയും ഡേറ്റാ ബേസ് തയ്യാറാക്കുന്നതിന് നൽകുവാൻ ആവശ്യപ്പെട്ടിരുന്ന വിവരവും, താഴെ തട്ടിലുള്ള സീനിയർ ക്ലർക്കുമാർക്ക് സ്ഥനക്കയറ്റം നൽകുന്നതിനായി ആവശ്യപ്പെട്ടിരുന്ന വിവരവും ഈ ഓഫീസിൽ നിന്നും അയച്ചുതന്നിരുന്ന പ്രൊഫോർമകളിൽ ലഭ്യമാക്കുന്നതിന് ഓഫീസ് നിയന്ത്രണാധികാരികൾ താമസം വരുത്തുന്നത് വകുപ്പിന്റെ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിന് കാരണമാകുന്നു.

ക്ലർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കുന്നതിനുള്ള പൂർണ്ണമായ യോഗ്യതകൾ ക്ലറിക്കൽ തസ്തികയിലുള്ളവർ ആർജിച്ചിട്ടുണ്ടോ എന്ന വിവരം ബന്ധപ്പെട്ട നിയന്ത്രാണാധികാരികൾ അറിയിക്കാറില്ല. ഈ കാരണങ്ങളാൽ ഒഴിവു നിലവിൽ വന്നാലും അർഹരായ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുവാൻ കഴിയുന്നില്ല. ആയതിനാൽ താങ്കളുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും താങ്കളുടെ ഓഫീസിൽ നിന്ന് ഡെപ്യൂട്ടേഷനുകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ സീനിയർ ക്ലാർക്കുമാരാകാൻ യോഗ്യതയുള്ള ക്ലർക്കുമാരുടെ വിവരം ഈ ഓഫീസിൽ നിന്നും അയച്ചു തന്നിട്ടുള്ള പ്രൊഫോർമയിൽ (ഡിപ്പാർട്ട്മെന്റ് പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിന്റെ നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പു സഹിതം) അയച്ചു തരേണ്ടതാണ്. ഇത്തരത്തിലുള്ള റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി അയച്ചുതരേണ്ടുന്നതും യോഗ്യത നേടിയ എല്ലാ ജീവനക്കാരേയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഓഫീസ് മേലധികാരികൾ സാക്ഷ്യപ്പെടുത്തേണ്ടുന്നതു മാണ്. യോഗ്യത നേടിയ ഉദ്യോഗസ്ഥരാരും ഇല്ല എങ്കിൽ ആ വിവരം രേഖപ്പടുത്തിയ റിപ്പോർട്ട് നിശ്ചിത തീയതിക്കകം പ്രോപ്പർ ചാനലിലൂടെ ലഭ്യമാക്കേണ്ടതാണ്.

വ്യവസായ വാണിജ്യ ഡയറക്ടറുടെ ഓഫീസിന്റെ അറിവോ സമ്മതമോ കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടത്തുക വഴി വ്യവസായ വാണിജ്യ ഡയറക്ടറുടെ അധികാരപരിധിയിൽ കടന്നുകയറ്റം നടത്താനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സ്ഥലംമാറ്റങ്ങൾ ഗൗരവത്തോടേ വീക്ഷിക്കുന്നതും ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന സ്ഥലംമാറ്റ ഉത്തരവിലുള്ള ജീവനക്കാരെ മതിയായ കാരണങ്ങളില്ലാതെ വിടുതൽ ചെയ്യാതെ ഓഫീസ് നിയന്ത്രാണാധികാരികൾ മേൽ ഓഫീസിലെ ഉത്തരവുകൾ അടിയന്തിരമായി നടപ്പാക്കാതിരിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്ഥലം മാറ്റ ഉത്തരവിലുള്ള ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യാതിരിക്കാൻ ഗൗരവകരമായ കാരണങ്ങളുണ്ടെങ്കിൽ ആ വിവരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലറിയിച്ച് സമ്മതം വാങ്ങേണ്ടതാണ്

ഈ ഓഫീസിൽ നിന്നും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം വകുപ്പിന്റെ നടപടികളിൽ കാലതാമസം നേരിടുകയോ ഏതെങ്കിലും ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ സ്ഥാനക്കയറ്റമോ മറ്റാനുകൂല്യങ്ങളോ സമയബന്ധിതമായി ലഭിക്കാതിരിക്കുകയോ ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേലധികാരിക്കായിരിക്കും.

വ്യവസായവാണിജ്യ ഡയറക്ടർ

ST.C6. 20.07.16